പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1636 | 06.03.2017-ൽ മറുപടിയ്ക്ക് |
|---|---|

**കൊട്ടാരക്കര മുനിസിപ്പാലിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | കൊട്ടാരക്കര മുനിസിപ്പാലിറ്റി രൂപീകരണത്തിനുശേഷം അടിസ്ഥാന സൗകര്യവികസനത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | പുതുതായി രൂപീകരിച്ച 28 നഗരസഭകൾക്ക് 29.03.16 ലെ ജി.ഒ(ആർ.ടി) നം.3022/2016/ഫിൻ പ്രകാരം വികസനഫണ്ട് ഇനത്തിൽ 25 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. |
| (ബി) | മുനിസിപ്പാലിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പുതുതായി രൂപീകരിച്ച നഗരസഭകളിലേയ്ക്ക് 05.08.2016 ലെ ജി.ഒ(എം.എസ്) നം.09/2016/തസ്വഭവ ഉത്തരവ് പ്രകാരം തസ്തികകൾ സൃഷ്ടിച്ചിരുന്നു. സെക്രട്ടറി ഉൾപ്പെടെ റഗുലർ കാറ്റഗറിയിൽ 24 ഉം കണ്ടിജന്റ് കാറ്റഗറിയിൽ 23 ഉം തസ്തികകളാണ് സൃഷ്ടിച്ചിരുന്നത്. കൊട്ടാരക്കര നഗരസഭയിൽ റഗുലർ കാറ്റഗറിയിൽ അനുവദിച്ച റഗുലർ തസ്തികകളിൽ 18 തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്.<br>നിലവിലുള്ള ഒഴിവുകളിൽ പി.എസ്.സി. മുഖേന നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.